## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 584 — 28-10-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ.നാണു<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോൾ ശരാശരി അൻപത് തൊഴിൽ ദിനങ്ങൾ മാത്രമാണ് തൊഴിലാളികൾക്ക് ലഭ്യമാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്പോൾ വിവിധ ജില്ലകളിൽ നിന്നും സമർപ്പിക്കപ്പെട്ട കർമ്മ പദ്ധതികളിൽ അൻപത് ദിവസങ്ങളിൽ കുറവ് മാത്രമാണ് ഈ വർഷം വിഭാവനം ചെയ്തിരിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പ് വർഷം ആറ് മാസം പൂർത്തീകരിക്കുമ്പോൾ തൊഴിൽ ആവശ്യപ്പെട്ട 11.51 ലക്ഷം കുടുംബങ്ങൾക്ക് ശരാശരി 20.75 ദിവസങ്ങളാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ 4 വർഷങ്ങളിൽ കേരളത്തിൽ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 50 ദിവസം തൊഴിൽ ലഭിച്ചിട്ടുണ്ട്.<br>ഓരോ സാമ്പത്തിക വർഷവും പദ്ധതി പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നുണ്ട്. പ്രസ്തുത ലേബർ ബഡ്ജറ്റിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നത് പ്രതീക്ഷിക്കുന്ന തൊഴിൽ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയെന്ന നിലയ്ക്ക് പഞ്ചായത്തുകളിൽ തൊഴിലിനുള്ള ഡിമാന്റ് വർദ്ധിക്കുന്ന മുറയ്ക്ക് ലേബർ ബഡ്ജറ്റ് പുതുക്കുന്നതിനും പ്രവൃത്തികളുടെ പട്ടിക വിപുലീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ | (ബി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | രേഖ തൊഴിൽ ദിനങ്ങൾ കുറയാൻ കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ മാർഗ്ഗ രേഖകളിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | | പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനുള്ള നിർദ്ദേശങ്ങളും നിബന്ധനകളുമാണ് പുതുക്കിയ മാർഗ്ഗരേഖകളിൽ ഉള്ളത്. പുതുക്കിയ മാർഗ്ഗരേഖ തൊഴിൽ ദിനങ്ങൾ കുറയാൻ കാരണമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം പദ്ധതിപ്രവർത്തനങ്ങൾ വിപുലീകരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ച് അതുവഴി കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ക്രിയാത്മകമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ഓരോ പഞ്ചായത്തിലും തൊഴിൽ സേനകൾ രൂപീകരിക്കുമെന്നും കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാന സഹായത്തോടെ തൊഴിലാളി കൈമാറ്റം നടപ്പാക്കുമെന്നുമുള്ള വാഗ്ദാനം പ്രാവർത്തികമാക്കാനുള്ള കർമ്മ പദ്ധതി എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ഓരോ പഞ്ചായത്തിലും തൊഴിൽ സേനകളുടെ രൂപീകരണവും തൊഴിലാളി കൈമാറ്റവും പ്രവർത്തികമാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ